# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1435

22.03.2013 ൽ
മറുപടി നൽകേണ്ടി
യിരുന്നത്

## അയ്യൻകാളി തൊഴിലുറപ്പു പദ്ധതി

ചോദ്യം

ശ്രീ. വി.ശശി

ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

നഗരശുചീകരണ പദ്ധതിയുമായി ബന്ധപ്പെടുത്തി അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ പത്തു കോടി രൂപയിൽ എത്ര തുക എന്തെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുക ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നഗരസഭകൾക്ക് നൽകിയ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും പരിശോധിച്ച് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തീരുമാന പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം നഗരസഭകൾക്ക് ലഭിച്ച തുക പൊതുസ്ഥല ശുചീകരണം, തോട് ശുചീകരണ പ്രവർത്തനങ്ങൾ, കുളങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃനിർമ്മാണം, ഓടവൃത്തിയാക്കൽ, വരൾച്ചതടയൽ (വൃക്ഷങ്ങൾ നടുക, വനവത്ക്കരണ പ്രവർത്തനങ്ങളടക്കം), മൈക്രോഇറിഗേഷൻ പ്രവർത്തികൾ, ഭൂവികസനം, എസ്.സി./എസ്.റ്റി/ കേന്ദ്രാവിഷ്കൃത പദ്ധതികൾ/

ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ, ജലസംരക്ഷണവും ജലക്കൊയ്ത്തും, വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കു ചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും. BSUP/IHSDP/KSUDP പദ്ധതികളുടെ ഭാഗമായി ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും, അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തികളും, കോളനി നവീകരണ പ്രവർത്തികൾ, പൊതു സ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തികൾ. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇതര പ്രവർത്തികൾ, തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ